ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 19-01-2026**

## പ്രധാനവാർത്തകൾ

1. രാജ്യം വെല്ലുവിളി നേരിടുന്ന സാഹചര്യങ്ങളിൽ പ്രത്യാശ പകരാൻ അക്ഷീണം പ്രവർത്തിക്കുന്നവരാണ് ദേശീയ ദുരന്ത പ്രതികരണ സേനാംഗങ്ങളെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. പതിനഞ്ചാം കേരള നിയമ സഭയുടെ 16-ാം സമ്മേളനത്തിന് നാളെ തുടക്കമാകും. സംസ്ഥാന ബജറ്റ് ഈ മാസം 29 ന്.
3. സംസ്ഥാനത്തെ ആദ്യത്തെ വർക്ക് നിയർ ഹോം സംവിധാനം ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്യും.
4. കേരള വനിതാ കമീഷൻ നടപ്പാക്കുന്ന "പറന്നുയരാം കരുത്തോടെ" ബോധവത്ക്കരണ പരിപാടിയ്ക്ക് ഇന്ന് തുടക്കം. സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് മന്ത്രി വീണാ ജോർജ് നിർവഹിക്കും.
5. ശബരിമലയിൽ മകരവിളക്ക് കാലത്തെ തീർഥാടകർക്കുള്ള ദർശനം ഇന്ന് അവസാനിക്കും. പൂജകൾ പൂർത്തിയാക്കി ക്ഷേത്ര നട നാളെ അടയ്ക്കും.
6. സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനൽ റൗണ്ടിനായി കേരള ടീം ഇന്ന് അസമിലേക്ക് പുറപ്പെടും. കേരളത്തിൻറെ ആദ്യ മത്സരം വ്യാഴാഴ്ച പഞ്ചാബിനെതിരെ.

****************************************

RNUTVPM

## ദേശീയ ദുരന്ത നിവാരണ സേന-പ്രധാനമന്ത്രി

ദേശീയ ദുരന്ത നിവാരണ സേനയുടെ സ്ഥാപക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു. പ്രതിസന്ധി ഘട്ടങ്ങളിൽ ദൃഢനിശ്ചയം ഉയർത്തിപ്പിടിക്കുന്നർക്ക് രാജ്യം അഭിനന്ദനം അറിയിക്കുന്നുവെന്ന് ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു. ഒരു ദുരന്തം ഉണ്ടാകുമ്പോൾ, ജീവൻ സംരക്ഷിക്കാനും, ആശ്വാസം നൽകാനും, ഏറ്റവും വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളിൽ പ്രത്യാശ പകരാനും NDRF ഉദ്യോഗസ്ഥർ അക്ഷീണം പ്രവർത്തിക്കുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു.

**************************************

## പാർലമെന്റ് ബജറ്റ്

പാർലമെൻറിൻറെ ബജറ്റ് സമ്മേളനം ഈ മാസം 28-ന് ആരംഭിക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെൻറിൽ സമർപ്പിക്കും.

**************************************

## കേരള നിയമ സഭ (ഇൻട്രോ)

പതിനഞ്ചാം കേരള നിയമ സഭയുടെ 16 ആം സമ്മേളനത്തിന് നാളെ തുടക്കമാകും. ഈ സർക്കാരിന്റെ കാലത്തെ അവസാനത്തെ സഭാ സമ്മേളനമാണ് നാളെ ചേരുന്നത്. ഗവർണറുടെ നയ പ്രഖ്യാപന പ്രസംഗത്തോടെ സഭാ സമ്മേളനം ആരംഭിക്കും.

RNUTVM

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്..........**

(വോയ്സ്)

****************************************

## കേരള കുംഭമേള

കേരള കുംഭമേളയെന്ന് വിശേഷിപ്പിക്കുന്ന പ്രഥമ മഹാമാഘ മഹോത്സവത്തിന് തിരുനാവായയിൽ തുടക്കമായി. മാഘ ഗുപ്ത നവരാത്രി ആരംഭദിനമായ ഇന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ധ്വജാരോഹണം നടത്തി മേള ഉദ്ഘാടനം ചെയ്തു. ഇന്ന് മുതൽ ഫെബ്രുവരി മൂന്നുവരെയാണ് മേള നടക്കുന്നത്.

****************************************

RNUTVPM

## വർക്ക് നിയർ ഹോം (ഇൻട്രോ )

സംസ്ഥാനത്തെ ആദ്യത്തെ വർക്ക് നിയർ ഹോം സംവിധാനം ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്യും. I T മേഖലയിൽ ജോലിചെയ്യുന്നവർക്ക് ഏറെ പ്രയോജനകരമായ ഈ സൗകര്യം സംസ്ഥാനത്ത് ആദ്യമായി കൊല്ലം ജില്ലയിലാണ് യാഥാർത്ഥ്യമാകുന്നത്. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ്ലാൽ ...**

(വോയ്സ്)

****************************************

## ഭിന്നശേഷി സർഗ്ഗോത്സവം

സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'സവിശേഷ, Carnival of the Different' എന്ന പേരിൽ ഭിന്നശേഷി

സർഗ്ഗോത്സവം സംഘടിപ്പിക്കുന്നു. ഇന്ന് തിരുവനന്തപുരം ടാഗോർ തീയേറ്ററിൽ നടക്കുന്ന പരിപാടിയുടെ ഉദ്ഘാടനം മന്ത്രി ആർ. ബിന്ദു നിർവ്വഹിക്കും. ജനുവരി 21 വരെയാണ് പരിപാടി. സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

****************************************

## എസ്.ഐ.ആർ

രാജ്യത്തെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട്, കരട് പട്ടികയിലെ തിരുത്തലുകൾക്കായി അനുവദിച്ചിരുന്ന സമയപരിധി നീട്ടി തെരഞ്ഞെടുപ്പ് കമ്മീഷൻ. കേരളം, തമിഴ്നാട്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾക്കാണ് ഈ മാസം 30 വരെ സമയപരിധി നീട്ടി നൽകിയത്. കേരളത്തിൽ കരട് പട്ടിക ഇക്കഴിഞ്ഞ ഡിസംബർ 23 നാണ് പ്രസിദ്ധീകരിച്ചത്. തിരുത്തലുകൾക്കുള്ള കാലയളവ് ഈ മാസം 22 വരെയായിരുന്നു നേരത്തെ നിശ്ചയിച്ചിരുന്നത്.

RNU TVPM

****************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.

(ബ്രേക്ക്)

****************************************

## പടവ് 2026

സംസ്ഥാന ക്ഷീര കർഷകസംഗമം 'പടവ് 2026' മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കൊല്ലത്ത് ഉദ്ഘാടനം ചെയ്യും. ഇന്നലെ ആരംഭിച്ച സംഗമത്തിന്റെ ഭാഗമായി, ആശ്രാമം മൈതാനത്ത് ഒരുക്കിയ കേരള ഡയറി എക്സ്പോയുടെ ഉദ്ഘാടനം മന്ത്രി ജെ ചിഞ്ചുറാണി നിർവഹിച്ചു.

****************************************

## തൃത്താല പദ്ധതി (ഇൻട്രോ)

സുസ്ഥിര തൃത്താല പദ്ധതിയെക്കുറിച്ച് പഠിക്കാൻ ജാർഖണ്ഡിൽ നിന്നും വിദഗ്ദ്ധ സംഘം ഇന്ന് മണ്ഡലം സന്ദർശിക്കുന്നു. - തൃത്താല മണ്ഡലത്തിൻ്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതലറിയാൻ മന്ത്രി എം ബി രാജേഷുമായി സംഘം കൂടിക്കാഴ്ച നടത്തും. **കൂടുതൽ വിവരങ്ങളുമായി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്..**

**(വോയ്സ്)**

****************************************

## പറന്നുയരാം കരുത്തോടെ

ജീവിത പ്രതിസന്ധികളെ തരണം ചെയ്യാൻ സ്ത്രീകളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള വനിതാ കമീഷൻ നടപ്പാക്കുന്ന "പറന്നുയരാം കരുത്തോടെ" എന്ന ബോധവത്ക്കരണ പരിപാടിയ്ക്ക് ഇന്ന് തുടക്കമാകും . പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ മന്ത്രി വീണാ ജോർജ് നിർവഹിക്കും. മന്ത്രിമാരായ ആർ ബിന്ദു, ജെ ചിഞ്ചുറാണി എന്നിവർ പങ്കെടുക്കും. ക്യാമ്പയിൻ അംബാസഡറായി നടി മഞ്ജുവാരിയരും എത്തും.

****************************************

## ശബരിമല സ്വർണക്കൊള്ള

ശബരിമല സ്വർണക്കൊള്ള കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റായിരുന്ന എൻ. വാസുവിൻ്റെ റിമാൻഡ് കാലാവധി അടുത്തമാസം രണ്ട് വരെ നീട്ടി . റിമാൻഡ്

RNU TVPM

കാലാവധി അവസാനിച്ച സാഹചര്യത്തിൽ കൊല്ലം വിജിലൻസ് കോടതിയിൽ ഹാജരാക്കിയ വാസുവിനെ വീണ്ടും 14 ദിവസത്തേയ്ക്കാണ് റിമാൻഡ് ചെയ്തത്. കട്ടിളപ്പാളി കേസിലാണ് എൻ. വാസു പ്രതിയായിട്ടുള്ളത്. അതേസമയം, കേസിൽ തന്ത്രി കണ്ഠര് രാജീവരെ വ്യാഴാഴ്ച കൊല്ലം വിജിലൻസ് കോടതിയിൽ ഹാജരാക്കും. തന്ത്രിയെ കസ്റ്റഡിയിൽ വേണമെന്ന പ്രത്യേക അന്വേഷണ സംഘത്തിൻ്റെ ആവശ്യവും, തന്ത്രിയുടെ ജാമ്യഹർജിയും അന്ന് പരിഗണിക്കും

***************************************

## ശബരിമല (ഇൻട്രോ)

മകരവിളക്ക് കാലത്തിനു സമാപനംകുറിച്ച് ശബരിമല ക്ഷേത്രനട നാളെ അടയ്ക്കും. ഈ തീർത്ഥാടനകാലത്തെ ദർശനം ഇന്ന് രാത്രി നടയടയ്ക്കുന്നതുവരെ തുടരും .

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി.എസ് ശ്രീധർ..**

(വോയ്സ്)

RNUTVPM

***************************************

## സന്തോഷ് ട്രോഫി ഫുട് ബോൾ

സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനൽ റൗണ്ടിനായി കേരള ടീം ഇന്ന് അസമിലേക്ക് പുറപ്പെടും. പഞ്ചാബിനെതിരെ ഈ മാസം 22 നാണ് കേരളത്തിൻറെ ആദ്യ മത്സരം. ഡിസംബറിൽ ആരംഭിച്ച് കണ്ണൂരിലും വയനാട്ടിലുമായി നടന്ന പരിശീലന ക്യാമ്പിൽ മികവ് തെളിയിച്ച 22 പേരാണ് അന്തിമ ടീമിലുള്ളത്.

***************************************

## തയ്യിൽ കൊലപാതകം

കണ്ണൂർ തയ്യിലിൽ ഒന്നര വയസുകാരനെ കടൽ ഭിത്തിയിലെറിഞ്ഞു കൊന്ന കേസിൽ അമ്മ ശരണ്യ കുറ്റക്കാരിയെന്ന് കോടതി. ശരണ്യയുടെ ആൺ സുഹൃത്ത് വലിയന്നൂർ സ്വദേശി നിധിനെ കോടതി വെറുതെ വിട്ടു. നിധിനെതിരായ കുറ്റങ്ങൾ പ്രൊസിക്യൂഷന് തെളിയിക്കാനായില്ല. തളിപ്പറമ്പ് അഡീഷണൽ സെഷൻസ് കോടതിയുടേതാണ് ഉത്തരവ്. 2020 ഫെബ്രുവരി 17നാണ് കേസിനാസ്പദമായ സംഭവം നടന്നത്.

************************************

## ജസ്റ്റിസ് എ. ലക്ഷ്മിക്കുട്ടി അന്തരിച്ചു

കേരള ഹൈക്കോടതി മുൻ ജഡ്ജിയും മനുഷ്യാവകാശ കമ്മീഷൻ മുൻ അംഗവുമായ കുമാരി ജസ്റ്റിസ് എ. ലക്ഷ്മിക്കുട്ടി അന്തരിച്ചു. തിരുവനന്തപുരം അമ്പലത്തറയിലെ വീട്ടിൽ ഇന്ന് രാവിലെയായിരുന്നു അന്ത്യം. സംസ്കാരം പിന്നീട് നടക്കും.

RNU TVPM

************************************

## അനൗൺസ് മെന്റ്

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

************************************************************************************************************